"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- മലപ്പട്ടം ഗ്രാമ പഞ്ചായത്തിലെ സെന്റർ നം.33-DSR 2018 പ്രകാരം എസ്റ്റിമേറ്റ് തുക പുതുക്കി സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.111/2024/WCDD  തീയതി,തിരുവനന്തപുരം, 16-03-2024

പരാമർശം:-

1. സ.ഉ(സാധാ) നം. 233/2022/വശിവിവ തീയതി 21.05.2022
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 25.06.2022 ലെ DWCD/970/2022-ICDSA8 നമ്പർ ഉത്തരവ്
3. സ.ഉ(സാധാ) നം. 96/2021/സാനീവ തീയതി 02.02.2021
4. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 25.11.2023 ലെ DWCD/2/2022-ICDSA8 നമ്പർ കത്ത്

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷം 4235-02-102-87(P) ശീർഷകത്തിൽ നിന്നും 9 കോടി രൂപ വകുപ്പ് വിഹിതമായി വിനിയോഗിച്ച് 4 9 സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത അങ്കണവാടികളുടെ നിർമ്മാണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം നിർമ്മാണാനുമതി നൽകിയിരുന്ന ഇരിക്കൂർ ഐസിഡിഎസിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ 33-ാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അങ്കണവാടിയുടെ 5 സെന്റ് പ്ലാൻ പ്രകാരം 32,31,328/- രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഐസിഡിഎസ് | പഞ്ചായത്ത് | AWC NO | ഏരിയ ( സെന്റ്) | ഭരണാനുമതി തുക | പുതുക്കിയ എസ്റ്റിമേറ്റ് തുക (DSR 2018) | അധികരിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | ഇരിക്കൂർ | മലപ്പട്ടം | 33 | 5 | 32,31,328/- | 34,43,000/- | 2,11,672/- |

(2) സ്മാർട്ട് അങ്കണവാടികളുടെ സർക്കാർ അംഗീകരിച്ച പ്ലാനിൽ (10, 7.5, 5 സെന്റ്) കെട്ടിടത്തോടൊപ്പം ഉൾപ്പെടുത്തിയിരുന്ന സ്വിമ്മിംഗ് പൂൾ സംവിധാനം ആവശ്യമില്ലായെന്നും ടി സ്വിമ്മിംഗ് പൂൾ, കെട്ടിട നിർമ്മാണത്തിൽ നിന്നും ഒഴിവാക്കി മുൻപ് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയിൽ നിന്നും സ്വിമ്മിംഗ് പൂൾ കോസ്റ്റ് കുറവ് ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. സ്മാർട്ട് അങ്കണവാടിയുടെ 5 സെന്റ് പ്ലാനിലും ഇപ്രകാരം എസ്റ്റിമേറ്റ്

തുക പുനഃക്രമീകരിച്ച് ഉത്തരവായിരുന്നെങ്കിലും സ്വിമ്മിംഗ് പൂൾ ഒഴിവാക്കി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല. ആകയാൽ DSR 2016 പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയായ 34,25,758/- രൂപയിൽ നിന്നും സ്വിമ്മിംഗ് പൂൾ കോസ്റ്റായ 1,94,430/- രൂപ കുറവ് ചെയ്ത ശേഷം 32,31,328/- രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത് എന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) ഈ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഐസിഡിഎസിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ 33-ാം നമ്പർ അങ്കണവാടിയ്ക്ക് വകുപ്പ് വിഹിതമായ 20,00,000/- രൂപയ്ക്ക് പുറമെയുള്ള 14,43,000/- രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന നിബന്ധനയിൽ ടി അങ്കണവാടിയുടെ ഭരണാനുമതി തുക തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുള്ള DSR 2018 എസ്റ്റിമേറ്റ് പ്രകാരം സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഐസിഡിഎസിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ 33-ാം നമ്പർ അങ്കണവാടിക്ക് വകുപ്പ് വിഹിതമായ 20,00,000/- രൂപയ്ക്ക് പുറമെയുള്ള 14,43,000/- രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന നിബന്ധനയിൽ DSR 2018 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ (with cost index 33.90% and with GST 18%) 34,43,000/-(മുപ്പത്തിനാല് ലക്ഷത്തി നാല്പത്തിമൂവായിരം രൂപ മാത്രം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ചുവടെ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

a. To adopt Government approved OD rates for the those items included in estimate, which are available in Government approved OD list of items.

b. TS authority shall invariably verify and ensure the correctness of rates and quantities and the admissibility of items included in the proposed estimate.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [ WCD-1/68/2022-FIN (2285946)

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 16-03-2024 14:45:36

സെക്ഷൻ ഓഫീസർ